## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1180.** **06.06.2018 ൽ മറുപടിയ്ക്ക്**

### മദ്യ നയം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ സ്വീകരിച്ച മദ്യ നയം എത്രത്തോളം ഫലപ്രദമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | അനധികൃത മദ്യത്തിന്റേയും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടേയും വ്യാപനം കുറയ്ക്കുന്നതിന് ശക്തവും ഫലപ്രദവുമായ ബോധവത്ക്കരണ/ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | മദ്യവർജ്ജനവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദവിവരങ്ങൾ നൽകുമോ; | (ബി) | സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാന/ ജില്ലാ/ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ പഞ്ചായത്ത്/ വാർഡ്തല കമ്മിറ്റികൾ രൂപീകരിച്ച്, കുടുംബശ്രീ, സ്കൂൾ/ കോളേജ് തല ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എസ്.പി.സി, എൻ.സി.സി., യുവജന ബഹുജന സംഘടനകൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, എൻ.ജി.ഒ.കൾ എന്നിവരുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇത് കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഗാന്ധിജയന്തി, അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം എന്നീ ദിനങ്ങളിൽ പ്രത്യേക ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയും, യുവജനങ്ങളിൽ കായിക അഭിരുചി വളർത്തിയെടുക്കുന്നതിന് കായികലഹരി എന്ന പേരിൽ കായിക മത്സരങ്ങൾ നടത്തി വരുന്നുണ്ട്.<br>വിമുക്തി മിഷന്റെ ബോധവത്കരണ സ്റ്റിക്കറുകൾ എൻ.എസ്.എസ് വോളന്റിയർമാരുടെ സഹകരണത്തോടെ കെ.എസ്.ആർ.റ്റി.സി ബസ്സുകളിലും |

| | | | |
|---|---|---|---|
| | | | കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടെ വീടുകളിലും പതിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മന്ത്രിസഭയുടെ രണ്ടാംവാർഷികത്തോടനുബന്ധിച്ച് സംസ്ഥാനത്തെ ആദിവാസി ഊരുകളിലും ലഹരിയ്ക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉത്സവ സ്ഥലങ്ങളിൽ സ്റ്റാളുകൾ സ്ഥാപിച്ച് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്. |
| (സി) | മദ്യവർജ്ജന സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനും ഈ നയം വിജയിപ്പിക്കുന്നതിനുമായി ഭാവിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; വിശദാംശം നൽകുമോ? | (സി) | വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ചു കൊണ്ട് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും അവശ്യമായ ചികിത്സ നല്കിയും സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടു വരുന്നതിനായുള്ള പ്രവർത്തനങ്ങൾക്കായി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ അന്താരാഷ്ട്ര നിലവാരത്തിൽ നിംഹാൻസ് മാതൃകയിൽ ഡീ-അഡിക്ഷൻ സെന്റർ എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് രണ്ടിടങ്ങളിലായി (തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്തും എറണാകുളം എക്സൈസ് കോംപ്ലക്സിലും) രാവിലെ എട്ടു മണി മുതൽ രാത്രി എട്ടുമണി വരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിങ്ങ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെൻററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**